**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6688** **11-07-2024 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്ലസ് വൺ പ്രവേശനം നൽകുന്നതിന് നടപ്പ് അധ്യയന വർഷം സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | നടപ്പ് അധ്യയന വർഷം പ്ലസ് വൺ പ്രവേശനത്തിന് സീറ്റ് ക്ഷാമം ഉണ്ടാകാതിരിക്കുന്നതിനായി അലോട്ട്മെന്റുകളുടെ തുടക്കത്തിൽ തന്നെ സ.ഉ.(കൈ)നം. 45/2024/പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകളിൽ അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നിലവിൽ പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾക്കായി അധിക താത്ക്കാലിക ബാച്ചുകൾ അനുവദിക്കുന്നത് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ആദ്യഘട്ടത്തിൽ പ്രവേശനം ലഭിക്കാത്ത കുട്ടികൾക്ക് സപ്ലിമെന്ററി ഘട്ടത്തിൽ അപേക്ഷ പുതുക്കുന്നതിനും പുതിയ അപേക്ഷ നൽകുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ആദ്യ ഘട്ടത്തിൽ പ്രവേശനം ലഭിക്കാത്ത കുട്ടികൾക്ക് സപ്ലിമെന്ററി ഘട്ടത്തിൽ അപേക്ഷ പുതുക്കുന്നതിനും പുതിയ അപേക്ഷ നൽകുന്നതിനും സൗകര്യം ഏർപ്പെടുത്തിയിരുന്നു. മുഖ്യ അലോട്ട്മെന്റിൽ അപേക്ഷിച്ചിട്ടും അലോട്ട്മെന്റ് ലഭിക്കാതിരുന്നവർക്കും ഇതുവരെയും അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്കും സപ്ലിമെന്ററി അലോട്ട്മെന്റിന് 2024 ജൂലൈ 2 ന് രാവിലെ 10 മണി മുതൽ 2024 ജൂലൈ 4 ന് വൈകിട്ട് 5 മണിവരെ അപേക്ഷിക്കാൻ അവസരം നൽകിയിരുന്നു. |
| (സി) | ഹയർ സെക്കൻഡറി പ്രവേശനത്തിനായി അപേക്ഷിച്ച മുഴുവൻ പേർക്കും പ്രവേശനം ഉറപ്പാക്കുന്നതിനായി മലബാർ മേഖലയിൽ താൽകാലിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | 2024-25 അധ്യയന വർഷം പ്ലസ് വൺ പ്രവേശനത്തിന് സീറ്റ് ക്ഷാമം ഉണ്ടാകാതിരിക്കുന്നതിനായി അലോട്ട്മെന്റുകളുടെ തുടക്കത്തിൽ തന്നെ സ.ഉ.(കൈ) നം. 45/2024/ പൊ.വി.വ തീയതി 08/05/2024 സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താത്കാലികമായി |

| | | | |
|---|---|---|---|
| | | | അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനവും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനവും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10% മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ